# VIVA Teresa.... *A Way to Sanctity*

## Little Flower Church



(Diocese of Kalyan)
Sector 20, Nerul (W), Navi Mumbai 400706
Tel.: 2772 2628
E-mail : vivateresabulletin@gmail.com



Bi-monthly News Bulletin of Syro-Malabar Catholic Church, Kalyan Diocese



**Patron**
Mar Thomas Elavanal

**Managing Editor**
Rev. Fr. Kuriakose Kalaparambath

**Executive Editor**
Rev. Fr. Bibin Cheenothuvattukulam

**Editor-in-Charge**
Rev. Sr. Reni Puthettu

**Chief Editor**
P. J. Antony

**Associate Editors**
Adv. Paul I. Paulose
Mr. Joy G. Kodankandath
Mr. Georgekutty George
Mr. A. J. Johnson
Mr. Jack J. M.
Mrs. Bea Thomas
Mrs. Mini Joseph


## ഉള്ളടക്കം


എഡിറ്റോറിയൽ
ഇടയശബ്ദം
Letter to my little friends
സെന്റ് സെബാസ്റ്റ്യൻ ഫീസ്റ്റ്
Holy Family Unit
A True Love.......
സെന്റ് ജൂഡ് സെന്റർ സാൻപാട
Major Archbishop....
Marriage is a contract....
ദൈവത്തിന്റെ സ്വന്തം നാട്
കവിത – സൂര്യൻ
മാതാപിതാക്കളെ ഒരുനിമിഷം
എൻ സ്വന്ത ദൈവം
ആത്മബലം നേടാൻ .....
വി. യൗസേപ്പിന്റെ തിരുനാൾ
അവധിക്കാലം
Bible Quiz



Private Circulation only.

March - April - 2012

# Editorial

Easter is fast approaching, we are all busy preparing ourselves for a special Easter experience through fasting, annual retreat, Way of the Cross and special prayers.

During the last two months, we have celebrated St. Sebastian Feast and our Parish Day. All of us actively participated in Holy Mass and also in the Cultural programmes organised by our parishioners. Special Congrats to our children, youth, Conveners and all others who have actively contributed.

It is well known that for 28 years Abraham Lincoln experienced one failure after another. In 1833 he had a nervous breakdown. When he ran for speaker in 1838 he was defeated. In 1848 he lost re-nomination to Congress and was rejected for land officer in 1849. These failures didn't stop him from battling on. In 1854 he was defeated for the Senate. Two years later he lost the nomination for vice-president and was again defeated for the Senate in 1858. Yet, despite it all, in 1860 he was elected president and went down in history as one of America's greatest presidents.

Obviously, success isn't the absence of failure. It is having the determination to never quit because "quitters never win and winners never quit."

Almost every person who has achieved anything worthwhile with his or her life has not only experienced failure but experienced it many times. Lincoln experienced innumerable failures, but he was never a failure because he never gave up.

This is true for our spiritual life. Our prayers and efforts may not give us expected result which we label as utter failure. As our human nature, we tend to abandon God and others. We can overcome all our failures by preparing ourselves in this season of lent and accept grace and energy from our resurrected Jesus.

In this season of Lent, let us make ourselves worthy to receive the resurrected Lord through the Eucharist and prayers. Let's receive the real strength from our daily Eucharist. Let's be energised to cleanse ourselves to be worthy to become a part of the resurrection of Jesus Christ.

Wish you all a Joyful Easter !





# ഇടയശബ്ദം



പ്രിയ സഹോദരീ സഹോദരങ്ങളെ

‘‘നമ്മുടെ അതിക്രമങ്ങൾക്ക് വേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു.’’ (എശയ്യാ. 53:5).

ക്രിസ്തുവിന്റെ ‘ആറാം തിരുമുറിവ് ’ എന്ന വിവാദ നാടകത്തിന്റെ മറുപടിയായി സ്വർഗ്ഗീയനായ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി നൽകിയ സന്ദേശം ഇപ്രകാരമാണ് - ക്രിസ്തുവിന് അഞ്ച് തിരുമുറിവുകളാണുള്ളത്. എന്നാൽ ഇപ്പോഴിതാ ഒന്നുകൂടി ഉണ്ടായിരിക്കുന്ന ആ മുറിവ് ആന്റണിയാണ് (നാടക രചയിതാവ്). അർത്ഥപൂർണ്ണമായ വാക്കുകൾ. മാമ്മോദീസ സ്വീകരിച്ച് സഭയിലെ അംഗമായവർ. മറ്റു കൂദാശകൾ സ്വീകരിച്ചവർ. സഭയ്ക്കും യേശുവിനും എന്നും താങ്ങും തണലും ആകേണ്ടവർ... താങ്ങിപ്പിടിക്കാതെ അവിടുത്തെ സഭയെ ഉരുട്ടി താഴെയിടാൻ ശ്രമിക്കുന്നവർ... തീർച്ചയായും അതിൽ ഇരിപ്പുറപ്പിച്ചിരിക്കുന്ന യേശുവിന് മുറിവേൽക്കും.

സമർപ്പിത ജീവിതത്തിന്റെ ബോധ്യം നഷ്ടപ്പെട്ട് ജീവിക്കുന്ന സമർപ്പിതരും, ക്രിസ്തു ശിഷ്യന്റെ അർത്ഥം മനസിലാക്കാതെ സാക്ഷ്യം നൽകലിന് പകരം എതിർ സാക്ഷ്യമായി ജീവിക്കുന്ന വിശ്വാസികളും അവിടുത്തെ മുറിവുകളാകുന്നു.

‘നിങ്ങളുടെ സ്നേഹം കണ്ട് നിങ്ങൾ എന്റെ ശിഷ്യരാണെന്ന് മറ്റുള്ളവർ തിരിച്ചറിയട്ടെ’ ഇത് കർത്താവിന്റെ സ്വപ്നം. പരസ്പരം മത്സരിച്ചും, കലഹിച്ചും വിഭാഗീയത വളർത്തിയും ജീവിക്കുന്നവർക്ക് എങ്ങനെ അവിടുത്തെ സ്നേഹത്തിന് സാക്ഷ്യമാകാൻ കഴിയും? മൂന്നു വെള്ളിക്കാശിന് ഗുരുവിനെ ഒറ്റിക്കൊടുത്ത യൂദായെപ്പോലെ വിശ്വാസവും വിശ്വാസ ജീവിതവും മറന്ന് സ്ഥാനമാനങ്ങളുടെയും, അംഗീകാരങ്ങളുടെയും പുറകെ ഓടുമ്പോൾ നാമും കർത്താവിനെ ഒറ്റിക്കൊടുക്കുകയല്ലേ യൂദാസിനെ നോക്കിപ്പറഞ്ഞ വചനം കർത്താവ് നമ്മെ നോക്കിയും ആവർത്തിക്കുന്നു. ‘മനുഷ്യപുത്രനെ ആര് ഒറ്റിക്കൊടുക്കുന്നുവോ അവന് ദുരിതം! ജനിക്കാതിരുന്നെങ്കിൽ അവന് നന്നായിരുന്നു (മത്തായി 26:24).

നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് നിങ്ങൾ എന്റെ ശിഷ്യരാണെന്ന് ലോകം അറിയട്ടെ. മാമ്മോദീസാ, ആദ്യ കുർബ്ബാന സ്വീകരണം, വിവാഹം, തിരുന്നാളുകളിൽ പോലും മദ്യം വിളമ്പിയും കഴിച്ചും കഴിയുന്ന നമ്മെ കണ്ട് കർത്താവ് എങ്ങനെ വിലപിയ്ക്കാതിരിക്കും. കർത്താവ് ഇന്നും കുരിശിൽ തറക്കപ്പെടുന്നു... ഒറ്റുകാരന്റെ കൂട്ടത്തിൽ... കൈ കഴുകിയവന്റെ കൂട്ടത്തിൽ... കുരിശിൽ തറച്ചവരുടെ കൂട്ടത്തിൽ... എവിടെയാണ് നമ്മുടെ പേര് കൂട്ടിച്ചേർത്ത് വായിക്കേണ്ടത്... തിരുത്താൻ സമയമായി... കുരിശിൽ കർത്താവ് നിലവിളിക്കുന്നു. ‘‘എനിക്ക് ദാഹിക്കുന്നു’’ (യോഹന്നാൻ 19:28). നമ്മുടെ ഓരോരുത്തരുടെയും തിരിച്ചുവരവി

നായി കർത്താവ് ദാഹിക്കുന്നു. യഥാർത്ഥ ഉപവാസത്തെക്കുറിച്ച് എശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ 'കലഹങ്ങളിൽ നിന്നും ഭിന്നതകളിൽ നിന്നും എന്നന്നേക്കുമായി വിട്ടകലുവാൻ, ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുവാൻ, നമ്മുടെ മേൽ ആധിപത്യം സ്ഥാപിച്ചിട്ടുള്ള എല്ലാ ദുശീലങ്ങളുടെയും നുകങ്ങൾ ഒടിക്കുവാൻ, വിശക്കുന്നവരുമായി ആഹാരം പങ്കുവെക്കുവാൻ, ആവശ്യക്കാരനിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുവാൻ, കർത്താവിന്റെ വിശുദ്ധ ദിനത്തെ ബഹുമാനിക്കുവാൻ സ്വന്തം വഴിയിലൂടെ നടന്ന് സ്വന്തം താൽപര്യങ്ങൾ അന്വേഷിക്കാതിരിക്കുവാൻ, വ്യർത്ഥ ഭാഷണത്തിൽ ഏർപ്പെടാതിരിക്കുവാൻ' (എശയ്യാ 58:1-14) ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ. ഉപവാസത്തിലൂടെയും പരിത്യാഗത്തിലൂടെയും നാം ഇതിനായി പരിശ്രമിക്കുമ്പോൾ ഏശയ്യാ പ്രവാചകനിലൂടെ അവിടുന്ന് വാഗ്ദാനം ചെയ്യുന്നു. 'നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടിവിരിയും. നീ വേഗം സുഖം പ്രാപിക്കും. നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി നൽകും. കർത്താവ് നിന്നെ നിരന്തരം നയിക്കും. മരുഭൂമിയിലും നിനക്ക് സമൃദ്ധി നൽകും. നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ച് വളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയും പോലെയാകും നീ. നിന്റെ പുരാതന നഷ്ട ശിഷ്ടങ്ങൾ പുനരുദ്ധീകരിക്കപ്പെടും.' (ഏശയ്യാ 8:8-12).

നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി മുറിവേൽപ്പിക്കപ്പെട്ട നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ട കർത്താവിന്റെ ആ മഹാസ്നേഹാനുഭവത്തിന്റെ തിരിച്ചറിവിലേയ്ക്ക് നയിക്കുന്ന നല്ല ഒരു പീഢാനുഭവവാരവും ഈസ്റ്റർ ആശസകളും നേർന്നുകൊണ്ട്...

സ്നേഹപൂർവ്വം,

**കുര്യാക്കോസച്ചൻ**

## MEANING OF COVER PAGE

Cover page is The Russian Orthodox icon of the Resurrection of Christ. In the Icon, Jesus Christ stands victoriously in the centre. Robed in Heavenly white, He is surrounded by a mandorla of star-studded light, representing the Glory of God. Christ is shown dramatically pulling Adam, the first man, from the tomb. Eve is to Christ's left, hands held out in supplication, also waiting for Jesus to act. This humble surrender to Jesus is all Adam and Eve need to do, and all they are able to do. Christ does the rest, which is why He is pulling Adam from the tomb by the wrist, and not the hand.

Surrounding the victorious Christ are John the Baptist and the Old Testament Righteous (Abel is shown as the young shepherd-boy). Those who predeceased Christ's crucifixion descended to Hades, where they patiently waited the coming of their Messiah. Now they are freed from this underworld, and mingle freely with Christ and His angels.





# LETTER TO MY LITTLE FRIENDS

സ്നേഹമുള്ള കൂട്ടുകാരെ,



ഒരു കുഞ്ഞ് തന്റെ ഭവനത്തിന്റെ മുമ്പിലൂടെ ഘോഷയാത്രയായി പോകുന്ന രാജാവിനെ കാണാനാഗ്രഹിച്ചു. രാജാവിനെ കാണാൻ അവൻ അമ്മയുടെ ഒക്കത്ത് ഇരിപ്പുറപ്പിച്ചു. ജനക്കൂട്ടത്തിനിടയിൽ തിക്കിത്തിരക്കിയാണ് അവർ നിന്നിരുന്നത്. രാജാവ് വലിയ ഘോഷയാത്രയായി കടന്നുപോയി. രാജാവ് കടന്നുപോയ ഉടനെ കുഞ്ഞ് കരയാൻ തുടങ്ങി. അമ്മ ചോദിച്ചു : മകനേ നീ രാജാവിനെ കണ്ടില്ലേ... പിന്നെ എന്തിനാ കരയുന്നത്? കുഞ്ഞ് വിങ്ങി വിങ്ങി പറഞ്ഞു. ഞാൻ രാജാവിനെ കണ്ടു. പക്ഷേ രാജാവ് എന്നെ കണ്ടില്ല.

പ്രിയ കൂട്ടുകാരെ, ഇതു ചിലപ്പോൾ നമ്മുടെയും പരാതിയാവാം. ഞാൻ എന്റെ പ്രിയപ്പെട്ടവർക്കായി, കൂട്ടുകാർക്കായി എല്ലാം ചെയ്തു. ജീവിതം മുഴുവൻ അദ്ധ്വാനിച്ചതും അവർക്കുവേണ്ടി എന്റെ ആരോഗ്യവും, സമയവും സമ്പത്തും മറ്റുള്ളവർക്കായി ചിലവഴിച്ചു. പക്ഷേ അവരാരും എന്റെ അദ്ധ്വാനത്തെ കണ്ടില്ല. ഇത് നാം പതിവായി കേൾക്കാറുള്ള പരാതികളാണ് ''എല്ലാം ചെയ്യാം പക്ഷേ കാണേണ്ടവർ കാണുന്നില്ല എന്നുവെച്ചാൽ പിന്നെ എന്തു ചെയ്യും''.

അവൻ ദൈവമാണെന്ന കാര്യം പോലും മറന്ന് തന്നെതന്നെ പരിത്യജിച്ച് മനുഷ്യന്റെ രൂപം സ്വീകരിച്ച് അവരെ സ്നേഹിച്ചു. അവസാനം അവരാൽ തന്നെ ലോകത്തിലെ ഏറ്റവും നീജമായ രീതിയിലുള്ള ശിക്ഷയായ കുരിശുമരണം അവന് വിധിക്കപ്പെട്ടു. അവൻ ആരോടും പരാതി കൂടാതെ ക്ഷമിച്ചു. തന്നെ ദ്രോഹിച്ചവർക്കുവേണ്ടി ക്ഷമിച്ച് പ്രാർത്ഥിക്കുക കൂടി ചെയ്തു ഇന്നും തന്നെ വേദനിപ്പിക്കുന്നവരെ, അവരുടെ പാപക്കറകളെ സ്വന്തം രക്തത്താൽ കഴുകി വൃത്തിയാക്കുന്നു.

കർത്താവ് നമുക്കായി ചെയ്തതിന്റെ, ചെയ്യുന്നതിന്റെ ഓർമ്മ പുതുക്കലാണ്, കാണാൻ പരിശ്രമിക്കലാണ് നോമ്പ് കാലം. അവൻ എനിക്കുവേണ്ടി, എന്റെ തെറ്റുകൾക്ക് വേണ്ടി സഹിച്ചു. എന്നാൽ അവനുവേണ്ടി എന്റെ സഹോദരനുവേണ്ടി പരാതി കൂടാതെ മുറുമുറുപ്പില്ലാതെ സഹിക്കാൻ ഞാൻ തയ്യാറാണോ?

അവനുവേണ്ടി ജീവിക്കാനാണ് എന്റെ ജീവിതം എന്നത് പ്രചോദനം ഉണ്ടാക്കുന്നതാകട്ടെ. തനിക്ക് വേണ്ടി സ്വന്തം ജീവൻ നഷ്ടമാക്കുന്നവൻ അത് സ്വന്തമാക്കും എന്ന വചനം എന്റെ ജീവിതത്തിൽ പതിപ്പിച്ചുറപ്പിക്കണമേ എന്ന് പ്രാർത്ഥിക്കാം. അവനോടുള്ള അതിയായ സ്നേഹം എന്നെ വീർപ്പുമുട്ടിക്കട്ടെ. എല്ലാവർക്കും ഉയിർപ്പു തിരുന്നാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ നേരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ബിബിൻ**

# *Mar George Alencherry,*

## *Major Archbishop of the Syro-Malabar Church*

On 18.02.2012, Mar George Alencherry, Major Archbishop of the Syro-Malabar Church, was consecrated as Cardinal along with 21 others at a grand investiture ceremony led by Pope Benedict XVI at the St Peter's Basilica in Vatican. He is the fourth Cardinal of the Sryo-Malabar Church and the eleventh from India.

Mar Alencherry was born on April 19, 1945. He was from Thuruth near Changanassery in Kottayam District. After school education and the seminary years, on December 18, 1972 he was ordained priest. He had taken his bachelor's degree in Economics from the University of Kerala with second rank. He secured first rank in post-graduate degree in theology.

Mar Alencherry had served with the Changanassery Archdiocese from 1976 to 1978 as Director of its religious school and as Secretary of the Kerala Catholic Bishops' Council. He had also served as the Vicar General of the Changanassery Archdiocese. In February, 1997, he took charge as the first Bishop of the Thakkala Diocese, which was constituted in 1996.

On May 26, 2011, following the death of Cardinal Mar Varkey Vithayathil on April 1, 2011 Mar George Alencherry was elected as Major Archbishop of the Syro-Malabar Church.

He is the third Major Arch-Bishop of the Syro-Malabar Church and the sixth head of the Ernakulam-Angamaly Archdiocese. With his elevation as Cardinal, he has become a member of the council to elect the Pope. The Syro-Malabar Church is one of the three churches in Kerala that owe allegiance to the Pope and are part of the Roman Catholic Church.





# Holy Family Unit

നമ്മുടെ ഇടവകയിലെ ഹോളി ഫാമിലി യൂണിറ്റ് 2012 ജനുവരി മാസം 7-ാം തീയതി വൈകുന്നേരത്തെ വി. ബലിയോടെ യൂണിറ്റിന്റെ തിരുന്നാൾ ആഘോഷങ്ങൾക്ക് പ്രാരംഭം കുറിച്ചു. അന്നേ ദിവസത്തെ വി. ബലിയിലെ ഗീതങ്ങൾക്ക് യൂണിറ്റംഗങ്ങൾ നേതൃത്വം നൽകി. ദിവ്യബലിക്കുശേഷം നടന്ന വാർഷിക കൂട്ടായ്മ പൊതുയോഗത്തിൽ ഫാ. കുര്യാക്കോസ് കളപറമ്പത്ത്, സി. മോളിയമ്മ, ട്രസ്റ്റി ശ്രീ. ജോൺസൺ, സോണൽ പ്രസിഡണ്ട് ശ്രീ. കെ. റ്റി. പോൾ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. യൂണിറ്റ് പ്രസിഡണ്ട് കൂടിയായ ശ്രീ. കെ.റ്റി. പോൾ പ്രാർത്ഥനാഗീതം ആലപിച്ചു. തുടർന്ന് യൂണിറ്റ് സെക്രട്ടറി ശ്രീ. ലാൽസൺ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. വികാരിയച്ചൻ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ യൂണിറ്റിന്റെ വളർച്ചയേയും അംഗങ്ങളുടെ ഐക്യത്തെയും കുറിച്ച് പ്രശംസിച്ചു. പിന്നീട് ആശംസകളർപ്പിച്ച സിസ്റ്റർ മോളിയമ്മ, ട്രസ്റ്റി ജോൺസൺ എന്നിവരും ആശംസകൾ നൽകി. യൂണിറ്റ് അംഗങ്ങളുടെ ഇടവക പ്രവർത്തന പ്രാതിനിധ്യത്തെക്കുറിച്ചും അംഗങ്ങളുടെ പരസ്പര സഹകരണത്തെ കുറിച്ചും പ്രഘോഷിച്ച് സന്തോഷത്തോടെ ഏവർക്കും ആശംസകൾ നേർന്നു.

തുടർന്ന് കലാമൂല്യങ്ങൾ നിറഞ്ഞവയും സന്ദേശാത്മകവുമായ വിവിധയിനം കലാപരിപാടികൾ വേദിയിൽ അരങ്ങേറി. കൊച്ചുകുട്ടികളും യുവാക്കളും മുതിർന്നവരും മത്സരബുദ്ധിയോടെ കലാപരിപാടികളിൽ അവരവരുടെ പ്രാതിനിധ്യം അറിയിച്ചു. ആക്ഷൻ സോങ്ങ്, ഭക്തിഗാനം, കാവ്യ സന്ദേശം, ഡബിൾ ഡാൻസ്, ഗ്രൂപ്പ് ഡാൻസ്, വഞ്ചിപ്പാട്ട്, നാടൻ പാട്ടും ആട്ടവും, ഓട്ടൻ തുള്ളൽ എന്നീ ഇനങ്ങൾ ഏവരുടെയും ശ്രദ്ധ പിടിച്ചു പറ്റി. അംഗങ്ങളുടെ നിസ്സീമവും നിസ്വാർത്ഥവുമായ സഹകരണവും സാന്നിധ്യവുമാണ് യൂണിറ്റിന്റെ ഉന്നതിക്ക് വഴിതെളിച്ചതെന്ന് സെക്രട്ടറി യോഗത്തിൽ അസന്നിഗ്ദമായി പ്രഖ്യാപിച്ചു. ഈ യൂണിറ്റിൽനിന്നും മറ്റൊരു യൂണിറ്റിലേക്ക് മാറിപ്പോകുന്ന അംഗം ശ്രീ. ഡേവിഡിനും കുടുംബത്തിനും യോഗം പ്രത്യേകം അനുമോദിച്ചു ആശംസകളർപ്പിച്ചു. കൂടാതെ, കലാപരിപാടികളിൽ പങ്കെടുത്ത ഏവർക്കും സമ്മാനങ്ങൾ നൽകി അനുമോദിച്ചു. പാരിഷ് കൗൺസിൽ മെമ്പർ സാവിയോ ജോർജ് നന്ദിയർപ്പിച്ചതോടെ യോഗത്തിന് പരിസമാപ്തിയായി. സമ്മേളനാനന്തരം വിഭവസമൃദ്ധമായ സദ്യ കഴിച്ച് ഏവരും തിരുനാൾ ആശംസകൾ കൈമാറി സ്വഭവനങ്ങളിലേക്ക് തിരിച്ചതോടെ തിരുന്നാൾ ആഘോഷങ്ങൾക്ക് തിരശ്ശീല വീണു.

**എന്ന് സെക്രട്ടറി,**
**ലാൽസൺ ജോർജ് സി.**
**ഹോളി ഫാമിലി യൂണിറ്റ്.**

# A TRUE LOVE MEMORIAL FOR MUMTAZ

Life is a journey. So, we should keep on going. It was a golden opportunity for me to visit this place. Can you guess ? It is one of the 7 man - made wonders of the world. I have studied in my SST class that this monument belonged to the Mughal empire - the golden era of art, architecture, music etc. Agra became world famous because of this memorial on the bank of river Yamuna. It is designated as the World Heritage Site. But what makes this wonderful piece of art unique is the fact that it is backed by immense love shared between Shahjahan & Mumtaz Mahal. Yes, it is the Taj Mahal at Agra.

The Taj Mahal was one of the monuments I wanted to see. It seems as my dream came true when my family, visited U.P. last year .Taj is also known as 'the ultimate symbol of love', 'Poetry in marble'. 'A teardrop on the cheek of eternity is how it has been described by poet Rabindranath Tagore. Built in 1648 by Shah-jahan 'the engineer king', who was grief stricken by the death of his beloved wife in childbirth. It took around 20 years to build. The tomb is at the centre of the structure. He has also built the Red Fort & Jama Masjid. Taj is built from pure white marble. As one enters the monument gateways, it is welcomed by beautiful garden with smiling flowers, tall cypres trees & water flowing fountains. It is said that it shines at night in moonlight.

Now in today's world, because of the pollutants smoke & dust particles by the nearby factories, it is loosing its glory. Harmful gases are produced & because of that acid rain is caused. It is the main reason for the yellowing of the Taj Mahal. Campaigners believe that the foundations have become brittle. Cracks appeared in parts of the tomb and the four minerals surrounding it are showing signs of tilting. So it is our duty to protect Taj.

I admire Shah Jahan for his undying love for Mumtaz, which took the form of the eternal Taj Mahal. Its romantic image has attracted over four million people, including the late Princess Diana, who happened to visit the building after the breakdown of her marriage to Prince Charles. We, Indians are proud of this beautiful structure.

**Aleesha Joykutty**

*(Holy Rosary Unit - Pre Confirmation)*





# സെന്റ് ജൂഡ് സെന്റർ സാൻപാട 6–ാം വാർഷികം

ലിറ്റിൽ ഫ്ലവർ ചർച്ച്, നെരൂളിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സെന്റ് ജൂഡ് സെന്ററിന്റെ 6–ാം വാർഷികം, സാൻപാടയിലെ റയൺ ഇന്റർനാഷണൽ സ്കൂളിൽ വെച്ച് 20.11.2011ൽ അതിഗംഭീരമായി ആഘോഷിക്കുകയുണ്ടായി. വിശിഷ്ഠാതിഥിയായി വന്നുചേർന്ന പൻവേൽ സെന്റ് തോമസ് മൈനർ സെമിനാരി റെക്ടർ റവ. ഫാ. ജോജു അറക്കലിന്റെ പ്രധാന കാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യ ബലി അർപ്പണത്തോടെ ആഘോഷ പരിപാടികൾ ആരംഭിക്കുകയുണ്ടായി. ഇടവകവികാരി ഫാ. കുര്യാക്കോസ്, സി. ലിജോ, സി. റോസ് മേരി, സെന്റ് ജൂഡ് സെന്റർ ട്രസ്റ്റിമാരായ ശ്രീ. ഇ. പി. ദേവസി, ശ്രീ. വി. ഇ. തോമസ് തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ റവ. ഫാ. ജോജു അറക്കൽ ഇടവക വികാരി ഫാ. കുര്യാക്കോസ് കളപ്പറമ്പത്ത്, അസി. വികാരി ഫാ. ജെഫ്രിൻ പള്ളിത്തറ, ഇടവക ട്രസ്റ്റിമാരായ ശ്രീ. സൈമൺ കെ. കെ., ശ്രീ. എ. ജെ. ജോൺസൺ അപ്പസ്തലിക് ഒബ്ളേറ്റ്സിലെ മദർ സുപ്പീരിയർ സി. എൽസമ്മ, പാസ്റ്ററൽ കൗൺസിൽ മെമ്പറായ അഡ്വ. പോൾ പൗലോസ്, കുടുംബ കൂട്ടായ്മയുടെ കേന്ദ്ര കമ്മറ്റി പ്രസിഡണ്ട് ശ്രീ. കെ.റ്റി. പോൾ തുടങ്ങിയവർ സംബന്ധിച്ചു.

വിശിഷ്ടാതിഥിയായ ബഹുമാനപ്പെട്ട ജോജു അച്ചൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്ത യോഗത്തിൽ വിശിഷ്ഠാതിഥികളെ പൂച്ചെണ്ടു നൽകി സ്വീകരിച്ചു. വികാരിയച്ചൻ സ്വാഗതം ആശംസിക്കുകയും സി. എൽസമ്മ, ശ്രീ. സൈമൺ കെ.കെ. തുടങ്ങിയവർ ആശംസകൾ നേരുകയും ചെയ്തു. ഫാ. ജോജു അറക്കൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. സാൻപാട സെന്റർ ട്രസ്റ്റി ഇ.പി. ദേവസി റിപ്പോർട്ട് അവതരിപ്പിച്ചു. സാൻപാട സെന്ററിലെ എല്ലാ പ്രവർത്തന പരിപാടികളുടെയും വളരെ ചുരുക്കി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

വിശിഷ്ടാതിഥികൾ സമ്മാനദാനം നിർവ്വഹിക്കുകയുണ്ടായി. കല്യാൺ രൂപതയിൽ നിന്നും സമ്മാനം നേടിയവർ, പത്താം ക്ലാസിലും 12–ാം ക്ലാസിലും ഉന്നത വിജയം നേടിയവർ, വേദപഠന ക്ലാസുകളിൽ ഉന്നതവിജയം നേടിയവർ, ഫുൾ അറ്റന്റഡൻസ് ഉള്ളവർ, വേദപാഠാദ്ധ്യാപകർ തുടങ്ങിയവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ശ്രീ. സിബി എബ്രഹാം നന്ദി പ്രകടനം നടത്തുകയുണ്ടായി.

തുടർന്ന് സാൻപാട സെന്ററിലെ കുട്ടികൾ, യുവജനങ്ങൾ, മാതൃസംഘാംഗങ്ങൾ, പിതൃവേദി അംഗങ്ങൾ തുടങ്ങിയവർ അവതരിപ്പിച്ച കലാപരിപാടികൾ ആഘോഷങ്ങൾക്ക് മോടി പിടിപ്പിക്കുകയുണ്ടായി. സെന്ററിലെ എല്ലാ കുടുംബങ്ങളേയും പങ്കെടുപ്പിച്ച ആഘോഷപരിപാടികൾ ഈ സെന്ററിലെ കൂട്ടായ പ്രവർത്തനങ്ങൾക്ക് ഉത്തമോദാഹരണമായി. സ്നേഹവിരുന്നോടെ വാർഷികാഘോഷങ്ങൾ സമാപിക്കുകയുണ്ടായി.

■



With best compliments from :

**Xavier A. Thoppil (Tony)**

C-209, Mary Land, Plot No. A7,
Sector 23, Nerul, Navi Mumbai - 400 706.
Mob.: 93225 11946 • Tel.: 2772 5782






# സൂര്യൻ



ബോബൻ ജോസഫ്
ഹോളിക്രോസ് യൂണിറ്റ്

വർഷങ്ങളായി കത്തുന്നു നിന്നിലെ
ഊർജ്ജം മുഴുവൻ പ്രകാശിച്ചു കൊണ്ട്
വർഷങ്ങളായി കത്തുന്നു നിന്നിലെ
പ്രകാശം മുഴുവൻ മണ്ണിനു നൽകി

സൗരയൂഥത്തിൻ കേന്ദ്രത്തു നിന്നും
നൽകുന്നു കിരണങ്ങൾ ഗ്രഹങ്ങൾക്ക് നേരെ
എന്നും പ്രകാശം നൽകിയും നിന്നും
എന്നും ഊർജ്ജം ചരാ ചരങ്ങൾക്ക്

നൽകി നീ നിൽക്കുന്നു, സ്വയം ഉരുകുന്നു
ജീവന്റെ നിലനിൽപ് ഭൂമിക്കു നൽകി
സ്വയം എരിഞ്ഞു നീ മാതൃകയായി
നക്ഷത്ര വർഷങ്ങൾക്കപ്പുറം നീ നിന്ന്

കാണുന്നു ഗ്രഹങ്ങൾ തൻ രോദനമെല്ലാം
എങ്കിലും ഞങ്ങളോ ആകാംക്ഷയോട്
ചോദിച്ചു ഇനിയെത്ര വർഷങ്ങൾ നീ -
നിന്റെ ഊർജ്ജം പ്രകാശിച്ച് ഞങ്ങൾക്ക് നൽകും

നമ്മുടെ ജീവിതം സൂര്യനെപ്പോലെ
നന്മയിൽ എരിഞ്ഞു ശൂന്യമായെങ്കിൽ
നൽകുന്നു അന്യർക്ക് പ്രകാശം എങ്കിൽ
നാം തന്നെ നാം തന്നെ ദൈവത്തിൻ ആത്മാവ്

**Articles on following topics invited for next edition of Viva Teresa (May - Jun. 2012)**

Beginning of scholastic year (അദ്ധ്യായന വർഷം, മാതാവിന്റെ വണക്ക മാസം)

May 1st - workers Day

Vacation (Articles on Holidays)

# MARRIAGE IS A CONTRACT OR A COVENANT ?

What is a covenant ? It is like a contract. Yet, it is more than a contract. A contract is binding only for a period of time, like five years or seven years or until certain terms are fulfilled. But a covenant is perpetual. It is permanent. The only way out is through death. That is why marriage is a covenant, not a contract. It is permanent - "Till death do us part".

പൂജ്യ അൾത്താരക്ക് മുന്നിൽ വിശുദ്ധ ബൈബിളിൽ തൊട്ട് പ്രതിജ്ഞ ചെയ്ത വാക്യം - ഇന്നു മുതൽ ...... ആരോഗ്യത്തിലും....... അനാരോഗ്യത്തിലും..... സമ്പത്തിലും..... ദാരിദ്യത്തിലും ...... സന്തോഷത്തിലും സന്താപത്തിലും ...... മരണം വരെ ..... പ്രതിജ്ഞ ചെയ്യുന്നു.

In Bible times, when you cut a covenant with someone, you bring an animal, usually a goat, and kill it by cutting it in two. Next, you will face your covenant partner and walk toward each other between the two pieces of the animal, passing each other in the center. What all this means is that both parties are obligated to protect and provide for each other. Whatever belongs to you is your partner's and whatever belongs to your partner is yours.

Today God is in covenant with us. God the richest and most powerful, has everything to offer us! God has bound Himself to a covenant !

*Compiled by :*
***K. J. Joseph***
*Cherupushpam Family Unit*

## ANNUAL GET TOGETHER REPORT
## St. Xavier's Unit

The annual get together of St. Xavier's Unit was held on 4th December 2011, Sunday, after the evening mass. The occasion was graced by the presence of Fr. Kuriakose, our Vicar, Sr. Molyamma representing Apostolic Oblates, our Trustee Mr. K. K. Simon, Mrs. Alphonsa Varghese, Parish Council Secretary.

The function started with the prayer song followed by cultural programmes, Prize distribution of children, funny game by the unit members and children. All the dignitaries emphasized the need for interaction and annual get together, to build bonding with each families. They also praised the efficiency, sincere contribution of unit members towards the church activities. The meeting also congratulated the lucky family winner Mr. Jospeh Nilavanthra & Fly.

The function concluded with vote of thanks by Mr. Anthony, followed by dinner.




VIVA Teresa

# ദൈവത്തിന്റെ സ്വന്തം നാട്
## കേരളം



പി. എം. ജോസ്
ഹോളിഫാമിലി യൂണിറ്റ്

നീ വരുന്നോ എന്റെ നാട് കാണാൻ
എന്റെ നാട് കാണാൻ
നീ വരുന്നോ എന്റെ നാട് കാണാൻ
എന്റെ നാട് കാണാൻ

ഭാർഗ്ഗവനാഴിയിൽ നിന്നെടുത്ത്
ഭാരതാംബയ്ക്ക് തിലകം ചാർത്തി
ആഴിതൻ താരാട്ട് കേട്ടുറങ്ങും
അറബി കടലിന്റെ റാണിയാം നീ

കേരവൃക്ഷങ്ങൾ ചാഞ്ചാടിയാടും
കേളി കൊട്ടുണരുന്ന കേരനാട്
പാടം പുഴകളും, കാട്ടാറുകൾ
പൊൻ പട്ടുടുത്ത നെൽവയലേലകൾ

മലയോരങ്ങൾ പച്ചക്കുട നിവർത്തി
മാവേലി മന്നൻ ഭരിച്ച നാട്
സഹ്യാദ്രി സാനുക്കളെ ഉമ്മവെയ്ക്കും
സ്നേഹതീരങ്ങൾ നിറഞ്ഞ നാട്

മാർത്തോമാസ്ലീഹാ തൻ പുണ്യപാദം
മലയോരമണ്ണിൽ പുതുപുളകം ചാർത്തി
മലയാറ്റൂർ മലയിലാ കുരിശുപള്ളി
മലയാളനാടിന് കാഴ്ച വെച്ചു.

''ക്രിസ്തു സന്ദേശ''ത്തിൻ വിത്തുപാകി
ക്രിസ്തീയ ചൈതന്യം കതിരണിഞ്ഞു
ഇവിടം വിശുദ്ധർ തൻജന്മനാട്
ഇവിടെ മഹാന്മാർ വളർന്ന നാട്

ഇവിടെ മത സൗഹൃദം പൂവണിഞ്ഞു
ഇവിടെ ജനകോടികൾ ഒത്തുവാഴ്വൂ
ഇവിടമാണാദ്ധ്യാത്മ വിദ്യാലയം
ഇതു തന്നെ 'ദൈവത്തിൻ സ്വന്ത നാട്'

# ഇടവക വാർത്തകൾ

## സെന്റ് സെബാസ്റ്റ്യൻ ഫീസ്റ്റ്

ജനുവരി മാസം 13, 14, 15 ദിവസങ്ങളിലായി വി. സെബാസ്ത്യാനോസി ന്റെ തിരുനാൾ ഏറെ ഭക്തിനിർഭരമായി ആഘോഷനിറവിൽ കൊണ്ടാടി. 13-ാം തീയതി വെള്ളിയാഴ്ച ബഹു. ഫ്രാൻസിസ് ഇലവുത്തിങ്കലച്ചൻ തിരുന്നാളിന്റെ കൊടി ഉയർത്തി വി. കുർബ്ബാനക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് 14-ാം തീയതി ബഹു. ഡേവിസ് തരകനച്ചന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിക്കുശേഷം ഭക്തജനങ്ങൾ നടത്തിയ പ്രദക്ഷിണം ഏവരുടെയും ഹൃദയത്തിൽ അവിസ്മരണീയമായ ഒരനുഭവമായിരുന്നുവെന്നത് നിസംശയം പറയാം. അത് തങ്ങളുടെ വിശ്വാസത്തെ നെരൂൾ നിവാസികളുടെ മദ്ധ്യേ ഏറെ ഭക്തിയോടും പ്രൗഢിയോടും കൂടി വിളിച്ചോതി എന്നത് എടുത്തു പറയേണ്ടതു തന്നെ. അന്നേ ദിവസം സജ്ജീകരിച്ചിരുന്ന ദീപാരാധനയും കരിമരുന്നു പ്രയോഗവും ഏറെ നയന മനോഹരമായിരുന്നു. വിശ്വാസികളുടെ ഹൃദയതുടിപ്പിനോട് ചേർന്ന് പ്രകൃതിയും വിശുദ്ധന്റെ വിശ്വാസ ജീവിതത്തെ ഉറക്കെ പ്രഘോഷിക്കുന്ന ഒരു അനുഭവമായിരുന്നു. പ്രധാന തിരുനാൾ ദിനമായ ജനുവരി 15 ഞായറാഴ്ച ബഹു. ജോൺ പൈനുങ്കലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വി. കുർബ്ബാന സത്യത്തിൽ സ്വർഗ്ഗരാജ്യവും ഭൂമിയും തമ്മിൽ സംഗമിക്കുന്ന സ്ഥലമായി ദൈവാലയം ഉയർന്ന ഒരനുഭവം ഏവർക്കുമേകി. തിരുനാളിനോട് അനുബന്ധിച്ച് ബഹു. ജോസഫ് താമരവള്ളിയിൽ നടത്തിയ വചനപ്ര









ഘോഷണവും തിരുന്നാളിന്റെ ആത്മീയ ധന്യതയ്ക്ക് ആക്കം കൂട്ടുന്നതായിരുന്നു.



ഇടവക ജനങ്ങളോടൊപ്പം മറ്റ് വിവിധ സ്ഥലങ്ങളിൽ നിന്നുമെത്തിയ ഏകദേശം 2000 ലേറെ പേർ തിരുനാളിൽ സംബന്ധിച്ച് ആത്മീയ നിർവൃതി നേടി. തിരുനാൾ ഏറ്റെടുത്ത് മനോഹരമായി നടത്തിയ കെ. പി. ഫ്രാൻസീസിനും അദ്ദേഹത്തിന്റെ കുടുംബത്തോടും സ്നേഹത്തോടെ സഹകരിച്ച എല്ലാ കമ്മറ്റി അംഗങ്ങളോടും വി, സെബാസ്റ്റ്യന്റെ മാദ്ധ്യസ്ഥം ഉണ്ടാകട്ടെ.

## പാരിഷ് ഡേ



**George Kuruvilla**
Parish Day
Convenor



**Sanju Thomas**
Parish Day - Cultural
Programme Convenor

ഫെബ്രുവരി 12–ാം തീയതി ഞായറാഴ്ച ലിറ്റിൽ ഫ്ലവർ ഇടവക തങ്ങളുടെ പാരീഷ് ഡേയായി കൊണ്ടാടി. വി. കുർബ്ബാനയോടുകൂടി ആരംഭിച്ച പാരിഷ് ഡേയുടെ മുഖ്യ അതിഥി ബഹു. പോൾ ഓലിക്കലച്ചനായിരുന്നു. അച്ചന്റെ സാന്നിദ്ധ്യവും വാക്കുകളും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. ഇടവക





യുടെ പ്രവർത്തനങ്ങളുടെ നേതൃത്വനിരയിലുള്ളവരെ ആദരിച്ചുകൊണ്ടാരംഭിച്ച പൊതുമീറ്റിംഗിൽ ഓരോ സംഘടനയും അവരവരുടേതായ പ്രോഗ്രാമിലൂടെ ഈ ദിവസത്തെ കൂടുതൽ ധന്യമാക്കി. വിവിധ മേഖലകളിൽ സമ്മാനാർഹരായ ഇടവകയിലെ കുടുംബാംഗങ്ങൾക്ക് സമ്മാനങ്ങളും പ്രോത്സാഹനവും നൽകുകയുണ്ടായി. പാരീഷ് ഡേയുടെ വിജയത്തിന്റെ പിന്നിൽ പ്രവർത്തിച്ച ഏവരേയും, ഏറ്റം പ്രത്യേകമായി കോർഡിനേറ്ററായി പ്രവർത്തിച്ച ഒരോ വ്യക്തികളുടെയും പ്രവർത്തനങ്ങൾ ശ്ലാഘനീയം തന്നെയാണെന്ന് എടുത്തുപറയട്ടെ. ●



## വാർഷിക ധ്യാനം



ഫെബ്രുവരി മാസം 24, 25, 26 തീയതികളിൽ നമ്മുടെ ഇടവകയിലെ വാർഷിക ധ്യാനത്തിന് ബഹു ജോയി ചെഞ്ചേരിയച്ചൻ നേതൃത്വം നൽകി. ദൈവത്തിന്റെ കരങ്ങളിലെ വളരെ ശക്തമായ ഒരുപകരണമായ അദ്ദേഹത്തിന്റെ വചനപ്രഘോഷണം വിശ്വാസികളുടെ ഹൃദയത്തെ ദൈവത്തിന്റെ വചനത്തിന്റെ മുമ്പിൽ മലർക്കെ തുറക്കുവാൻ ഉതകുന്നവയായിരുന്നു. തന്റെ അദ്ധ്യാത്മീകതയിൽ നിന്നും പാണ്ഡിത്യത്തിൽ നിന്നും തുറന്നു വച്ച വചന വ്യാഖ്യാനങ്ങൾ വിശ്വാസികളെ ഇരുത്തി ചിന്തിപ്പിക്കുവാനും ജീവിത നവീകരണത്തിലേക്ക് നയിക്കേണ്ടതുമായിരുന്നുവെന്നത് സ്പഷ്ടമാണ്. പ്രത്യേകമായി സമാപന ദിവസം ദമ്പതികൾക്കായി നടത്തിയ പ്രാർത്ഥനയും വചനവ്യാഖ്യാനവും ഏവർക്കും ആന്തരീകമായി ഉൾക്കാഴ്ച നൽകുന്നവയായിരുന്നു. അന്നേദിവസം സായാഹ്നത്തിൽ യുവജനങ്ങൾക്കായി നടത്തിയ വചനപ്രഘോഷണത്തിലും ആരാധനയിലും നൂറോളം യുവജനങ്ങൾ പങ്കെടുക്കുകയും തങ്ങളുടെ ഹൃദയത്തെ പാപസങ്കീർത്തനത്തിലൂടെ ശുദ്ധീകരിച്ചുകൊണ്ട് ജീവിത നവീകരണത്തിനുള്ള ആഗ്രഹം ഹൃദയത്തിൽ ഏറ്റുവാങ്ങുകയും ചെയ്തു. ബഹു. ജോയിയച്ചന്റെ ഇനിയും തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും ദൈവത്തിന്റെ കൃപാമാരി വർഷിക്കട്ടെയെന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.













# മാതാപിതാക്കളെ ഒരു നിമിഷം !

സി. റെനി പൂത്തേറ്റ്

പരീക്ഷയുടെ കാലമായാൽ പിന്നെ 10-ാം ക്ലാസ്സിലും +2ലും ഒക്കെ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക സെമിനാർ സംഘടിപ്പിക്കുന്ന ഒരു രീതി ഇന്ന് വളരെ സാധാരണയായി കണ്ടുവരുന്നുണ്ട്. ഈ അടുത്ത ദിവസങ്ങളിൽ ഇപ്രകാരമുള്ള ഒരു സെമിനാറിൽ പങ്കെടുക്കുന്നവർ പങ്കുവെച്ചത് ആ സെമിനാർ മരുഭൂമി പോലെ ചുട്ടുപൊള്ളുന്ന അവരുടെ ഹൃദയത്തിലേക്ക് മഞ്ഞുതുള്ളി പെയ്ത അനുഭവമായിരുന്നുവെന്നാണ്. അപ്പോൾ ഇവരിൽ നല്ലൊരു ശതമാനം ആളുകളും മരുഭൂമി അനുഭവത്തിലൂടെ - ഉത്കണ്ഠ നിറഞ്ഞ മനസ്സിന് ഉടമകളായി നീങ്ങുന്നുവെന്നത് വ്യക്തം.

ഈ മരുഭൂമിയനുഭവം മരുപ്പച്ചയനുഭവമാക്കുവാൻ മനോഭാവം മാറ്റിയാൽ മതിയെന്നതാണ് എന്റെ അഭിമതം. തോൽവിയെ നികത്താനാവാത്ത കുറവായി, പരാജയത്തെ പരിപൂർണ്ണ നാശത്തിന്റെ പര്യായമായി കാണുന്ന നമ്മുടെ മനോഭാവത്തിന്റെ മുൻപിൽ ഒത്തിരിയേറെ പ്രാവശ്യം പലവിധത്തിൽ പരാജയപ്പെട്ടിട്ടും സധൈര്യം മുമ്പോട്ടുപോയി അമേരിക്കൻ പ്രസിഡണ്ടായി ഉയിർന്ന ഇന്നും ജനഹൃദയങ്ങളിൽ ആദരണീയനായി വാഴുന്ന എബ്രഹാം ലിങ്കൺ എന്ന അനിഷേധ്യ നേതാവിന്റെ ജീവിതം ഒരു ചോദ്യചിഹ്നമല്ലേ?വിശ്വപ്രശസ്തരായ ശാസ്ത്രജ്ഞന്മാരൊക്കെ പറയുന്നത് അവർക്ക് പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ നടക്കുവാൻ സാധിച്ചത് തങ്ങൾക്കുണ്ടായ പല പരാജയങ്ങളിൽ നിന്നുമാണെന്നാണ്.

മാതാപിതാക്കളെ ഒന്നു ചോദിച്ചോട്ടെ - ബിരുദമാണോ വിവരമാണോ വലുത്. ഇവിടെ വളരെ ഉയർന്ന മാർക്ക് വാങ്ങി എഞ്ചിനീയറിംഗ് പാസ്സായി ഉന്നത നിലയിൽ ജോലി ചെയ്യുന്ന യുവനവദമ്പതികൾ 7 ദിവസത്തിനുള്ളിൽ തങ്ങളുടെ വിവാഹ ജീവിതത്തിന് തിരശ്ശീലയിട്ട സംഭവം മനസ്സിൽ നീറ്റലായി നിൽക്കുന്നു. പഠനത്തിൽ മിടുമിടുക്കനായ തന്റെ മകന്റെ പ്രായോഗിക ജീവിതത്തിലെ മടയത്തരം കണ്ട് മനം മടുത്ത ഒരമ്മ പറഞ്ഞ വാക്കുകൾ ഇപ്പോഴും കർണ്ണപുടത്തിൽ മുഴങ്ങുന്നുണ്ട്. എന്റെ ദൈവമേ, എനിക്ക് ഇത്രയും ബുദ്ധിയുള്ള ഒരു കുട്ടിയെ വേണ്ടായിരുന്നു. സാമാന്യ ബുദ്ധിയുള്ള ഒരു സാധാരണ കുട്ടിയെ മതിയായിരുന്നു. ഒപ്പം ആ അമ്മയടെു കണ്ണുകൾ ഈറനണിയുന്നതും ഞാൻ കണ്ടു.

മാതാപിതാക്കളെ മക്കൾ നിങ്ങളുടേതാണെന്ന് മറക്കാതിരിക്കുക - ചിലപ്പോൾ ഒക്കെ ചില മാതാപിതാക്കൾ തങ്ങളുടെ മക്കളിലുള്ള പ്രതീക്ഷകൾ പങ്കുവെക്കുന്നത് കേൾക്കുമ്പോൾ അവരുടെ മക്കളെക്കുറിച്ച് തന്നെയാണോ പറയുന്നത് എന്ന് സംശയം തോന്നും. ഈ അടുത്ത നാളിൽ ഒരു പിതാവിനോട് അദ്ദേഹത്തിന്റെ മകൻ പഠിക്കുന്ന സ്കൂളിലെ പ്രിൻസിപ്പൽ വിളിച്ചു പറഞ്ഞു. ഹലോ മിസ്റ്റർ താങ്കളുടെ മോൻ പഠനത്തിൽ മോശമാണ് പ്രത്യേകം ശ്രദ്ധിച്ചോളൂ. അദ്ദേഹത്തിന്റെ മറുപടി ആദരവ് ഉണർത്തുന്നതായിരുന്നു. അവൻ എന്റെ മകനല്ലേ





അവന് ഇത്രയൊക്കെ പറ്റൂ സാർ. അവനു പറ്റുന്നതു മതി. എന്റെ ബിസിനസ് മുമ്പോട്ടു കൊണ്ടുപോകുവാൻ അവന് കഴിയുമെന്ന് 100 ശതമാനം എനിക്കുറപ്പാണ്. അതിനുള്ള പ്രായോഗിക ബുദ്ധി അവനുണ്ട്. നമ്മിൽ എത്ര പേർക്ക് ഇങ്ങനെയൊരു ഉത്തരം നൽകുവാൻ സാധിക്കും.

പരീക്ഷയുടെ സമയമായാൽ പിന്നെ വീടുകളിൽ പീഢനത്തിന്റെ കാലമായി. എല്ലാവർക്കും ടെൻഷൻ അപ്പന് ദേഷ്യം. അമ്മയാകട്ടെ ചാറ്റൽ മഴ പോലെ എപ്പോഴും പെയ്തുകൊണ്ടിരിക്കും. പഠിക്ക്, പഠിക്ക്..... ഇതിനിടിയിൽപ്പെട്ട് ഞെരുങ്ങുന്ന കുട്ടി അമിത ടെൻഷൻ കാരണം പഠിച്ചതും കൂടി മറന്നുപോകുന്നു.

മാതാപിതാക്കൾക്ക് എന്തു ചെയ്യാനാകും ? ഒന്നാമതായി നല്ലൊരു കുടുംബാന്തരീക്ഷം സൃഷ്ടിക്കുക. അങ്ങനെ കുട്ടിക്ക് ശാന്തമായി പഠിക്കാനുള്ള സാഹചര്യം ഒരുക്കുക. രണ്ടാമതായി അനാവശ്യമായ താരതമ്യപ്പെടുത്തലും അതിയായ ആഗ്രഹവും പ്രകടിപ്പിച്ച് കുട്ടിക്ക് അമിത ടെൻഷൻ കൊടുക്കാതിരിക്കുക. എല്ലാറ്റിലുമുപരി അവരെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുക. പഠിക്കുന്നതിനു മുമ്പ് പ്രാർത്ഥിക്കുന്നുവെന്ന് ഉറപ്പു വരുത്തുക. പഠനമുറിയിൽ വി. ഗ്രന്ഥം സൂക്ഷിക്കുവാനും അത് പാരായണം ചെയ്യുവാനും അവരെ പ്രോത്സാഹിപ്പിക്കുക. പരീക്ഷക്ക് മുൻപ് ഒരു നല്ല കുമ്പസാരം നടത്തി പരിശുദ്ധാത്മാവിനാൽ നിറയുവാൻ അവർക്ക് അവസരം കൊടുക്കുക. സാധിക്കുന്നിടത്തോളം വിശുദ്ധ കുർബ്ബാനയെന്ന അവർണ്ണനീയമായ ദാനത്തിൽ പങ്കുകൊള്ളുവാൻ ഇടവരുത്തുക. ദൈവം നിങ്ങളെ ഏൽപിച്ചിരിക്കുന്ന താലന്തുകളാണ് മക്കൾ എന്ന 12-ാം പീയൂസ് മാർപാപ്പയുടെ വാക്കുകൾ ഹൃദയത്തിൽ സൂക്ഷിക്കുക. അങ്ങനെ അവരെക്കുറിച്ചുള്ള നിങ്ങളുടെ പദ്ധതിയെക്കാൾ അവരെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി തിരിച്ചറിയുവാൻ ശ്രമിക്കുക. അപ്പോൾ നാം ശാന്തരാകും. നമ്മുടെ കുട്ടികൾ സ്വസ്ഥരാകും. പരീക്ഷയും പഠനവുമൊക്കെ ഈ ലോകജീവിതത്തിന്റെ ഒരു ഭാഗമായി കണ്ട് അവയെ സ്വീകരിക്കുവാനും ജീവിതത്തിൽ വിജയിക്കുവാനും അവർ പ്രാപ്തരാകും.

# പാചകം



അയില വറുത്തതുണ്ട്, കരിമീൻ പൊരിച്ചതുണ്ട്, കുടംപുളി ഇട്ടുവച്ച നല്ല ചെമ്മീൻ കറിയുമുണ്ട്. എല്ലാവർക്കും തന്നെ നല്ല ചെമ്മീൻ തീയൽ ഇഷ്ടമാണ് ! ചെമ്മീൻ തീയൽ എങ്ങനെ ഉണ്ടാക്കാം എന്നു നോക്കാം.

## ചെമ്മീൻ തീയൽ

ചെമ്മീൻ വൃത്തിയാക്കിയത് - അര കിലോ, ചെറുതായി അരിഞ്ഞ കൊച്ചുള്ളി - 100 ഗ്രാം, ചെറുതായി അരിഞ്ഞ തേങ്ങ - 1 ഫുൾ, വെളുത്തുള്ളി - 4 അല്ലി, അരിഞ്ഞ ഇഞ്ചി - അര സ്പൂൺ, മല്ലിപ്പൊടി - മഞ്ഞപ്പൊടി - അര സ്പൂൺ, കീറിയ പച്ചമുളക് - 2 എണ്ണം, കറിവേപ്പില - കുടംപുളി - ആവശ്യത്തിന്, ഉണക്കമുളക് - 4 എണ്ണം, കുരുമുളക് - അര സ്പൂൺ, പെരുംജീരകം - കാൽ സ്പൂൺ, ചുരണ്ടിയ തേങ്ങ - 1 മുറി.

തേങ്ങ ചുരണ്ടിയതും ഉണക്കമുളകും പെരുംജീരകവും നന്നായി ചുവക്കെ വറുത്ത് അരച്ചെടുക്കുക. കൊച്ചുള്ളിയും തേങ്ങ അരിഞ്ഞതും പച്ചമുളകും എണ്ണ കടുകു വറുത്ത് വഴറ്റുക. ഇതിലേക്ക് മഞ്ഞപ്പൊടിയും മല്ലിപ്പൊടിയും ചേർത്ത് ചെമ്മീനും കുടംപുളിയും ചേർത്ത് നന്നായി വേകുമ്പോൾ അരപ്പു ചേർത്ത് ആവശ്യത്തിന് ഉപ്പും ചേർത്ത് കുറുകി വരുമ്പോൾ കടുകു താളിച്ച് ചേർക്കുക.

## അയില വറുത്തത്

അയില നന്നായി വരഞ്ഞ് ആവശ്യത്തിന് മുളകുപൊടി, കുരുമുളകു പൊടി മഞ്ഞപ്പൊടി അൽപം മൈദ, ഇഞ്ചി, വെളുത്തുള്ളി, മല്ലിയില ഇവ അരച്ചതും ചേർത്ത് അൽപം വിന്നാഗിരിയും ഉപ്പും ചേർത്ത് മീനിൽ പുരട്ടി വറുക്കുക.

ചൂടോടെ കഴിക്കുക. അൽപം സബോള അരിഞ്ഞതും കൂട്ടി കഴിക്കുക. ഇങ്ങനെ ഏതു മീനും വറുക്കാം.

## മത്തി പറ്റിച്ചത്

മത്തി - 10 എണ്ണം, തേങ്ങ - 1 മുറി, ഇഞ്ചി - 1 ചെറിയ കഷണം, പച്ചമുളക് - 10 എണ്ണം, കറിവേപ്പില - ആവശ്യത്തിന്, വെളുത്തുള്ളി - 5 അല്ലി, കൊച്ചുള്ളി - 5 എണ്ണം, മുളകുപൊടി - കാൽ സ്പൂൺ, കുടംപുളി - ആവശ്യത്തിന്, മഞ്ഞപ്പൊടി - കാൽ സ്പൂൺ.

തേങ്ങ ചെറുതായി തിരുമ്മി പച്ചമുളക് ഇഞ്ചി വെളുത്തുള്ളി കൊച്ചുള്ളി പൊടിയായി അരിഞ്ഞ് അൽപം മഞ്ഞപ്പൊടിയും ഉപ്പും കറിവേപ്പിലയും കുടംപുളി ചെറുതായി കീറിയതും ഇട്ട് അൽപം മുളകുപൊടിയും ചേർത്ത് നന്നായി കൈകൊണ്ട് ഞരടി മീൻ അരിഞ്ഞതും ചേർത്ത് ചട്ടിയിൽ ആവശ്യത്തിന് വെള്ളം ചേർത്ത് നന്നായി പറ്റിച്ചെടുക്കുക. വാങ്ങുമ്പോൾ അൽപം പച്ചവെളിച്ചെണ്ണ മുകളിൽ ഒഴിക്കുക.

മീൻ വയ്ക്കുമ്പോൾ ചട്ടിയിൽ വയ്ക്കാൻ ശ്രദ്ധിക്കുക. മീൻ തിളച്ചു കഴിയുമ്പോൾ തീ കുറച്ച് വേവിക്കുക. മീൻ വറക്കുമ്പോഴും തീ കുറച്ച് വറക്കുക.

ഇനി അടുത്ത വിഭവവുമായി വീണ്ടും കാണാം.

***Philomina Sibichan***
*St. Thomas - Unit*





# എൻ സ്വന്ത ദൈവം

വിശ്വാസിയായ് നാഥനെ സ്തുതിച്ചാൽ
വിശുദ്ധിയിൽ വളർത്തിടുമെൻ ദൈവം
കൈകൂപ്പി നന്ദിയേകിയാൽ എന്നെ
കൈവെള്ളയിൽ കാത്തിടുമെൻ ദൈവം
ആ നല്ല ദൈവം എൻ സ്വന്ത ദൈവം എൻ സ്വന്ത രക്ഷകൻ


കാൽവരികുന്നിൽ സ്വയം ബലിയായ് തീർന്ന
കാരുണ്യവാനായ കർത്താവാണെൻ ദൈവം
കാപട്യം നിറഞ്ഞയെൻ ജീവിതത്തിൽ
കനിവേറി കൃപ നൽകുമെൻ ദൈവം
ആ നല്ല ദൈവം എൻ സ്വന്ത ദൈവം എൻ സ്വന്ത രക്ഷകൻ

നൊമ്പരങ്ങൾ ഒപ്പിയെടുത്തെന്നെയെന്നും
നേർവഴിയിൽ നയിച്ചീടുമെൻ സ്വന്തദൈവം
പാപങ്ങളോർത്ത് പ്രായശ്ചിത്തനായാൽ പിന്നെ
പറുദീസയെനിക്ക് പങ്കുവെച്ചിടുമെൻ ദൈവം
ആ നല്ല ദൈവം എൻ സ്വന്ത ദൈവം എൻ സ്വന്ത രക്ഷകൻ

നന്മ തൻ നറുമലർ നൽകിയെന്നിൽ എന്നും
നവമൊരു ജന്മം നൽകിടുമെൻ സ്വന്തദൈവം
നന്ദിതൻ കീർത്തനങ്ങൾ ആലപിച്ചാൽ എന്നെ
നന്മരൂപൻ തന്ത്രികളാക്കിടും തൻ സ്വന്ത വീണയിൻ
ആ നല്ല ദൈവം എൻ സ്വന്ത ദൈവം എൻ സ്വന്ത രക്ഷകൻ

**- ലാൽസൺ ജോർജ്ജ് ചിറമേൽ**
**ഹോളി ഫാമിലി യൂണിറ്റ്.**

# WELCOME !



Fr. Bibin Cheenothuvattukulam born in 1984, at Kothanallor in Kottayam, in Pala Diocese. He joined St. Thomas Minor Seminary in 2000 continued with Mary Matha Major Seminary, Trichur. Completed his theological studies from Pontifical Urban Seminary, Rome, Italy.

He got ordained on 27th Dec. 2011 and his first assignment is with our church as Asst. Vicar. His parents are Mr. Joseph and Mrs. Leelamma.

We heartly welcome Fr. Bibin Cheenothuvattukulam. Mobile : 9969 343433

# FAREWELL GREETINGS !



ഇടവകയുടെ ആദ്ധ്യാത്മീകവും ഭൗതീകവുമായ പുരോഗതിക്കു വേണ്ടി അഹോരാത്രം സേവനം ചെയ്യുകയും എല്ലാ കാര്യങ്ങളിലും ആത്മാർത്ഥതയോടെയും വിശ്വസ്തതയോടെയും നിലകൊണ്ട ഫാ. ജെഫ്രിൻ പള്ളിത്തറയച്ചന് നെരൂൾ ഇടവകയുടെ കൃതജ്ഞതയും യാത്രാമംഗളങ്ങളും നേരുന്നു.





# ആത്മബലം നേടാൻ ഇതാ നോമ്പുകാലം

**ഫാ. പോൾ കൈതോട്ടുങ്ങൽ**

നെറ്റിത്തടത്തിൽ ചാരം പൂശി, പരിത്യാഗത്തിന്റെയും പ്രാർത്ഥനയുടെയും ആത്മബലം തേടലിന്റെയും നോമ്പുകാലം നാം ആരംഭിച്ചു കഴിഞ്ഞു. 'വയലിലെ പുഷ്പം പോലെ വിരിഞ്ഞ് ചുടുകാറ്റടിക്കുമ്പോൾ വാടിപ്പോകുന്ന നശ്വരമായ ഒരു ജീവിതത്തിന്റെ ഉടമയായവൻ' എന്ന് സ്വയം ഓർമ്മപ്പെടുത്തുന്ന 50 ദിവസങ്ങൾ ഈ താൽക്കാലികതയെ മറന്ന് ഈ ലോകത്തിന്റെ മായകൾ തൊങ്ങലുകളായണിഞ്ഞ് അവയിൽ അഭയം തേടിയ ഇന്നലകളെ ഓർത്ത് കണ്ണീരോടെ പ്രാർത്ഥിക്കുന്ന നല്ല നാളുകൾ.

നോമ്പുകാലം ആരാധന ക്രമത്തിലെ ആത്മബലം ആർജ്ജിക്കാനുള്ള അർത്ഥവത്തായ നാളുകളാണ്. 40 ദിനരാത്രങ്ങൾ മരുഭൂമിയിൽ പ്രാർത്ഥനയിലും ഉപവാസത്തിലും കഴിഞ്ഞ് തന്റെ ജീവദൗത്യവുമായി ഇറങ്ങുന്നവന്റെ മുൻപിൽ ലൗകികമായ പ്രലോഭനങ്ങൾ തെല്ലും ഇടമില്ലാത്തതായി. കുരിശു മുന്നിൽ നിൽക്കുമ്പോൾ അതിൽനിന്നും ഓടിയകന്ന് അപ്പത്തിന്റെയും സമ്പത്തിന്റെയും അധികാരത്തിന്റെയും സമൃദ്ധിയിൽ ജീവിക്കാൻ പ്രലോഭകൻ ക്ഷണിക്കുമ്പോൾ ''നീ ദൂരെ പോവുക'' എന്നു പറയാൻ കഴിയുന്ന ആത്മബലം നിറഞ്ഞ ആർജ്ജവത്വം യേശുവിനുണ്ടായിരുന്നു. ഈ ബലം അന്വേഷിക്കാൻ മനുഷ്യൻ ദൈവത്തോടു ചേർന്നുനിന്ന് കണ്ടെത്തുന്ന മരുഭൂമി ജീവിതമാണ് നോമ്പുകാലം. ലോകം ഇന്ന് നിറമുള്ളതാണ്. ആധുനിക സംസ്കാരത്തിന്റെ സൗകര്യങ്ങളും മായാവലയങ്ങളും ആരുടെയും കണ്ണിമയ്ക്കുന്നതാണ്. എന്നാൽ ഇവയിൽ ആറാടിത്തിമിർത്ത് ജീവിതത്തിന്റെ സ്വസ്ഥത നഷ്ടപ്പെടുത്തുന്ന വലിയൊരു സമൂഹത്തിന്റെ ദാരുണമായ തകർച്ചയുടെ കഥകൾ എത്രമാത്രം ഇന്ന് സമൂഹത്തിന്റെ മുൻപിലുണ്ട്. അപ്പന്റെ കൂടെ നിൽക്കുന്ന 'അസ്വാതന്ത്ര്യ'ത്തിൽ നിന്നും തനിക്കുവേണ്ടി താനൊരുക്കുന്ന 'നിയമില്ലാത്ത' വ്യക്തി സ്വാതന്ത്ര്യത്തിന്റെ അഴിഞ്ഞാട്ടത്തിലേക്ക് ഇറങ്ങിത്തിരിച്ചിട്ട്, അവസരം തകർത്ത് 'പന്നിയുടെ അന്നം പോലും തട്ടിപ്പറിക്കുന്ന' ഗതികേടിലേക്ക് കൂപ്പുകുത്തി വീഴുന്ന കഥകൾ ഇന്ന് എത്രയോ വട്ടം നമുക്കു മുൻപിൽ ആവർത്തിക്കപ്പെടുന്നു.

ഗർഭം ധരിച്ച ഉദരത്തിന്റെ വാടകയന്വേഷിക്കുന്നവരും പരിപാലിച്ച കൈകളെ തിരിച്ചു കടിച്ചിട്ട് സ്വന്തം വഴികളന്വേഷിക്കുന്ന മക്കളും, തന്റെ ജീവിതത്തിൽ ഇന്നലെവരെ ഉടുവസ്ത്രം പോലും തനിക്കുവേണ്ടി തിരഞ്ഞെടുത്തവരെ ജീവിതത്തിൽ നിന്നും മാറ്റി നിർത്തി. തനിക്കിഷ്ടപ്പെട്ട, ഇന്നലെ കണ്ടവനൊപ്പം ഒളിച്ചോടുന്നവരും, മദ്യത്തിനും മയക്കുമരുന്നിനും അടിപ്പെട്ട് അമ്മ പെങ്ങന്മാരെപ്പോലും തിരിച്ചറിയാതെ പോകുന്ന ആഭാസവും ആധുനിക ലോകത്തിന്റെ നിറച്ചാർത്തുകളിലെ കളങ്കിതമായ മുദ്രകളാണ്. ഇവിടെ എല്ലാവരും വേഗത്തിലോടു



With best compliments from :

# T. A. Devassy

A-702, Meridian CHS Ltd., Plot No. 25, 26 & 27,
Sector 6, Nerul West, Navi Mumbai - 400 706.
Mob.: 98199 23438





ന്നു. തിരിച്ചിറങ്ങാനുള്ളവനെപ്പോലും കാര്യമാക്കാത്ത ഇടിച്ചുകയറുന്ന യാത്രക്കാരന്റെ, സ്വന്തം ലക്ഷ്യം മാത്രം തേടുന്ന പ്രയാണം നിർബാധം തുടരുന്നു.

ഈ ലോകത്തിന്റെ, പഞ്ചേന്ദ്രിയങ്ങളെ സംഭ്രമിപ്പിക്കുന്ന സുഖഭോഗങ്ങളിൽ അടിപ്പെട്ടവരും 'ഡെർട്ടി പിക്ചേഴ്സ് ' പുറത്തുവന്നിട്ടും അതന്വേഷിക്കുന്നവരും അതിനിരയാകുന്നവരും നമ്മുടെ ഇടയിൽ പെരുകുന്നു. ഇവിടെ പ്രലോഭനങ്ങളുടെ മായാലോകത്തുനിന്നും ഒരു കല്ലേറു ദൂരം മാറി മുട്ടുകുത്തുന്ന യേശുവിന്റെ മനോഹരമായ ചിത്രമുണ്ട്. ലോകത്തിന്റെ ഒഴുക്കിൽനിന്നും സ്വപ്നങ്ങളിൽ നിന്നും മാറിനിന്ന് ദൈവഹിതം ജീവിക്കുന്ന ധീരമായ മാതൃക.

ജീവിതത്തിന്റെ വശ്യമായ 'സുഖം പകരുന്ന', ധാരാളിത്വത്തിന്റെ മധ്യത്തിൽനിന്നും ദൂരം കാക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. എല്ലാവരും സഞ്ചരിക്കുന്ന വഴികളിലൂടെ ആൾക്കൂട്ടത്തിലൊരുവനാകാനുള്ള പ്രലോഭനം, നാടോടുമ്പോൾ നടുവെ ഓടാനുള്ള അഭിവാഞ്ച മറികടക്കുന്നിടത്താണ് എന്റെ വ്യക്തിത്വത്തിന്റെ ആത്മധൈര്യം മാറ്റുരക്കപ്പെടുന്നത്. എല്ലാവരും അടിച്ചുപൊളിക്കുമ്പോൾ ഞാനെങ്ങനെ മാറി നിൽക്കും? മദ്യം എല്ലാം വേദികളിലും കൈയടക്കി  മുഖ്യ അഥിഥിയാകുമ്പോൾ എന്റെ കുടുംബത്തിൽ നിന്നും, കൂട്ടായ്മകളിൽ നിന്നും ഞാനെങ്ങനെ മാറ്റി നിർത്തും? നീല ചിത്രങ്ങളും ലൈംഗികബന്ധത്തിന്റെ കൂട്ടിക്കൊടുപ്പും മഹത്വവൽക്കരിക്കുന്നവരുടെയിടയിൽ 'എന്റെ ചാരിത്രശുദ്ധി' പരിഹസിക്കപ്പെട്ടാലോ ! മേക്കപ്പ് പൗഡറിന്റെ ഒഴുകിയിറങ്ങുന്ന സൗന്ദര്യവും ലിപ്സ്റ്റിക്കിന്റെ മൻമദത്വം പകരുന്ന രക്തനിറവും സാരിത്തലപ്പിന്റെ മഞ്ഞളിപ്പും സ്വന്തം വ്യക്തിത്വത്തിനു മാറ്റുകൂട്ടും എന്നു തെറ്റിദ്ധരിക്കുന്നവരുടെ ഇടയിൽ വിശുദ്ധിയുടെ ശാലീനത ഏറ്റുപറയുന്ന ലാളിത്യത്തിന്റെ നന്മ ജീവിക്കാൻ എത്രപേർ തയ്യാറാകും?

നോമ്പുകാലം എന്റെ ആത്മബലം കൂട്ടാൻ ഞാൻ നടത്തുന്ന ഒരു മടക്കയാത്രയാണ്. ഇന്നലെവരെ വലുതെന്നു കരുതിയവയിലെ അൽപത്വം തിരിച്ചറിഞ്ഞ് നന്മയിലേക്കും ശാന്തിയിലേക്കും എന്റെ നിലനിൽക്കുന്ന ബലത്തിന്റെ ഉറവയായ ദൈവത്തിലേക്കുമുള്ള മടക്കയാത്ര. മിഥ്യാബോധത്തിന്റെ വായുവിൽ സഞ്ചരിക്കുന്നവൻ മണ്ണിൽ കാലുറപ്പിച്ച് യാഥാർത്ഥ്യബോധത്തോടെ ജീവിക്കാൻ തുടങ്ങുന്ന കരുതലിന്റെ കാലം. എന്റെ ത്യാഗങ്ങളും പ്രായശ്ചിത്തങ്ങളും പരിത്യാഗപ്രവൃത്തികളും അപരനുവേണ്ടി നീട്ടുന്ന സ്നേഹത്തിന്റെ ഉറവയാകുന്ന കാലം. ഇന്നലെവരെ ബലമായി കരുതിയവയെല്ലാം. പണവും അധികാരവും ചെലവേറിയ സുഹൃദ്ബന്ധങ്ങളും, എന്നെ വിട്ടുപോയാലും ആരുമുപേക്ഷിക്കാത്ത വലിയ സ്നേഹത്തിന്റെ നീട്ടപ്പെട്ടകരങ്ങൾ എനിക്കുണ്ട് എന്ന് എനിക്കുറപ്പു നൽകുന്ന നന്മയുടെ പൂക്കാലം ..... അതേ ആത്മബലം നേടാൻ ഇതാ വീണ്ടും ഒരു നോമ്പുകാലം.

❑

# ബൈബിൾ വായനകൾ

## പുതിയ നിയമം : മാർച്ച് 2012

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | **1**<br>റോമ<br>3:1-8<br>മത്താ.<br>5:33-42 | **2**<br>റോമ<br>7:7-13<br>മർക്കോ<br>11:27-33 | **3**<br>1 കോറി<br>5:910-6<br>മത്താ<br>11:17-24 |
| **4**<br>റോമ<br>7:14-25<br>മത്താ<br>20:17-28 | **5**<br>1 കോറി<br>10:1-13<br>ലൂക്കാ<br>21:29-36 | **6**<br>1 പത്രോ<br>3:8-12<br>മത്താ<br>5:38-45 | **7**<br>എഫേ.<br>6:1-9<br>മർക്കോ.<br>21:28-34 | **8**<br>എഫേ.<br>4:17-24<br>മത്താ.<br>21:28-32 | **9**<br>റോമ.<br>8:1-6<br>മർക്കോ.<br>12:18-27 | **10**<br>റോമ.<br>12:9-21<br>മർക്കോ.<br>7:1-13 |
| **11**<br>റോമ.<br>8:12-19<br>മത്താ.<br>21:33-44 | **12**<br>റോമ.<br>9:1-13<br>യോഹ.<br>5:1-18 | **13**<br>റോമ.<br>9:22-29<br>യോഹ.<br>5:19-23 | **14**<br>റോമ.<br>10:3-13<br>യോഹ.<br>61:60-70 | **15**<br>റോമ<br>11:1-10<br>യോഹ<br>7:1-13 | **16**<br>റോമ<br>11:25-30<br>യോഹ<br>7:25-36 | **17**<br>റോമ<br>13:8-14<br>യോഹ<br>8:48-59 |
| **18**<br>റോമ<br>12:1-11<br>യോഹ<br>7:37-39 | **19**<br>2 കോറി<br>10:4-11<br>മത്താ<br>1:18-25 | **20**<br>കൊലോ<br>2:16-19<br>ലൂക്ക<br>18:18-25 | **21**<br>2 കോറി<br>9:6-15<br>ലൂക്ക<br>10:25-37 | **22**<br>എഫേ<br>4:25-32<br>യോഹ<br>8:1-11 | **23**<br>റോമ<br>13:8-14<br>യോഹ<br>8:49-59 | **24**<br>1തിമോ<br>4:6-10<br>ലൂക്ക<br>18:31-34 |
| **25**<br>റോമ<br>14:13-23<br>യോഹ<br>10:11-18 | **26**<br>1കോറി.<br>13:1-13<br>മത്താ<br>21:16-21 | **27**<br>1 തെസ്സ.<br>3:6-13<br>മത്താ<br>21:33-43 | **28**<br>2 പത്രോ.<br>2:11-17<br>ലൂക്ക<br>13:31-35 | **29**<br>1 യോഹ<br>2:10-17<br>മത്താ<br>18:15-20 | **30**<br>റോമ.<br>15:7-13<br>യോഹ.<br>11:38-44 | **31**<br>അ.പ്ര.<br>20:22-38<br>യോഹ<br>12:1-8 |








# ബൈബിൾ വായനകൾ

## പുതിയ നിയമം : ഏപ്രിൽ 2012

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>റോമ<br>11:13-24<br>മത്താ<br>21:1-17 | **2**<br>ഹെബ്രാ<br>1:5-14<br>യോഹ<br>11:45-57 | **3**<br>ഹെബ്രാ<br>5:1-10<br>യോഹ<br>12:20-26 | **4**<br>ഹെബ്രാ<br>9:15-28<br>യോഹ<br>13:1-17 | **5**<br>1 കോറി<br>11:23-29<br>യോഹ<br>9:1-14 | **6**<br>റോമ<br>5:6-16<br>ലൂക്ക<br>22:63 | **7**<br>റോമ<br>6:3-11<br>മത്താ<br>28:1-20 |
| **8**<br>റോമ<br>5:20-6: 23<br>മത്താ<br>28:1-6 | **9**<br>റോമ<br>8:1-11<br>യോഹ<br>14:18-28 | **10**<br>1 കോറി<br>15:12-19<br>ലൂക്കാ<br>24:13-27 | **11**<br>എഫേ<br>4:1-6<br>യോഹ<br>15:1-10 | **12**<br>കൊളോ<br>2:12-15<br>ലൂക്കാ<br>24:44-49 | **13**<br>ഹെബ്രാ<br>11:3-10<br>മത്താ<br>10:26-33 | **14**<br>കൊളോ<br>3:1-4<br>മർക്കോ<br>16:1-8 |
| **15**<br>കൊളോ<br>1:12-20<br>യോഹ<br>20:19-29 | **16**<br>1 കോറി<br>1:10-17<br>യോഹ<br>17:6-11 | **17**<br>റോമ<br>15:16-21<br>യോഹ<br>5:41-47 | **18**<br>ഗലാ<br>5:1-6<br>മർക്കോ<br>7:32-37 | **19**<br>ഗലാ<br>5:1-6<br>മർക്കോ<br>7:32-37 | **20**<br>റോമ<br>8:7-11<br>മർക്കോ<br>4:1-9 | **21**<br>ഫിലി.<br>2:3-11<br>ലൂക്കാ<br>13:22-30 |
| **22**<br>എഫേ<br>1:13-14<br>യോഹ<br>14:1-14 | **23**<br>യാക്കോ<br>5:7-12<br>മത്താ<br>25:1-13 | **24**<br>2 കോറി<br>12:1-10<br>മത്താ<br>10:37-42 | **25**<br>2 തിമോ<br>4:7-18<br>മർക്കോ<br>16:15-20 | **26**<br>1 തെസ<br>5:12-22<br>മർക്കോ<br>1:13-20 | **27**<br>ഫിലി<br>1:21-26<br>മത്താ<br>8:1-4 | **28**<br>2 കോറി<br>8:1-11<br>മർക്കോ<br>4:35-41 |
| **29**<br>എഫേ<br>2:1-6<br>യോഹ<br>16:16-24 | **30**<br>റോമ<br>15:1-6<br>ലൂക്കാ<br>6:6-11 | | | | | |

## ADVERTISEMENT TARIFF

| | | | |
|---|---|---|---|
| Front Inner Page - | One year | Rs. | 12,000/- |
| | Single Issue | Rs. | 2,000/- |
| Back Outer Page - | One year | Rs. | 15,000/- |
| | Single Issue | Rs. | 2,500/- |
| Back Inner Page - | One year | Rs. | 12,000/- |
| | Single Issue | Rs. | 2,000/- |
| Colour Full page - | One year - | Rs. | 10,000/- |
| | Single issue- | Rs. | 2,000/ |
| Colour Half page - | One year - | Rs. | 5,000/- |
| | Single issue- | Rs. | 1,000/- |
| B/W Full page - | One year - | Rs. | 5,000/- |
| | Single issue - | Rs. | 1,000/- |
| B/W Half page - | Single issue- | Rs. | 500/- |
| | Thanks Giving - | Rs. | 300/- |

# വി. യൗസേപ്പിന്റെ തിരുനാൾ

വിശ്വവിഖ്യാത സാഹിത്യകാരനായ പൗലോകൊയലോ തന്റെ അനുവാചകരുമായി നിരന്തരം സംവദിക്കുന്ന ഒരു വ്യക്തിയാണ്. അടുത്ത കാലത്ത് ഫേസ്ബുക്കിലൂടെ അദ്ദേഹത്തിൽനിന്ന് കേൾക്കാൻ സാധിച്ച ഒരു കൊച്ചു കഥയാണ് വിശുദ്ധയൗസേപ്പിനെക്കുറിച്ചോർക്കുമ്പോൾ പെട്ടെന്ന് മനസ്സിലേക്ക് കടന്നുവരുന്നത്.

കഥ ഇപ്രകാരമാണ്. കുറെ തൊഴിലാളികൾ ഒരു പണിസ്ഥലത്ത് വിവിധങ്ങളായ ജോലികൾ ചെയ്തു കൊണ്ടിരിക്കുകയാണ്. അവിടേക്ക് ഒരു മനുഷ്യൻ കടന്നുവന്ന് ഒരു തൊഴിലാളിയോട് താങ്കൾ എന്താണിവിടെ ചെയ്യുന്നതെന്നു ചോദിച്ചു. ആ മനുഷ്യൻ അൽപ്പം ദേഷ്യത്തോടുകൂടി മറുപടി പറഞ്ഞു ! ''ഇത്ര വലിയ കല്ലുകൾ ഈ കൂടം കൊണ്ട് ഞാൻ അടിച്ചു പൊട്ടിക്കുന്നത് താങ്കൾക്കു കാണാൻ സാധിക്കുന്നില്ലേ.'' മറ്റൊരു തൊഴിലാളിയുടെ പക്കലെത്തി അയാൾ അതെ ചോദ്യം ആവർത്തിച്ചു. അപ്പോൾ കിട്ടിയ മറുപടി ഇപ്രകാരമായിരുന്നു. ''ഞാനിവിടെ എന്റെ കുടുംബത്തിന്റെ ഉപജീവനത്തിനുവേണ്ടി അദ്ധ്വാനിക്കുകയാണ്.''

ആ മനുഷ്യൻ മൂന്നാമതൊരു തൊഴിലാളിയുടെ അടുത്തുചെന്ന് ഇതേ ചോദ്യം ആവർത്തിച്ചു. അദ്ദേഹം വലിയ ഉത്സാഹത്തോടെ ഇപ്രകാരം പറഞ്ഞു. ''ഞാനിവിടെ മനോഹരമായ ഒരു കത്തീഡ്രൽ ദേവാലയം പണിയുകയാണ്.''

ഒരേ ജോലിയിലേർപ്പെട്ടിരുന്ന മൂന്നു തൊഴിലാളികൾക്ക് അവരുടെ തൊഴിലിനോടുള്ള വ്യത്യസ്തമായ സമീപനത്തെ കാണിക്കുന്ന ഒരു കഥയാണിത്. തൊഴിലാളികളുടെ മദ്ധ്യസ്ഥനായി വി. യൗസേപ്പിനെക്കുറിച്ച് ഓർക്കുമ്പോൾ ഈ കഥയ്ക്ക് ഏറെ പ്രസക്തി ഉണ്ടെന്ന് തോന്നുന്നു. വളരെ ഉന്നതമായ ഉൾകാഴ്ചയുള്ള നീതിമാനായ ഒരു മനുഷ്യനായിരുന്നു വി. യൗസേപ്പ്. ഗർഭിണിയായ ഒരു സ്ത്രീയെ തന്റെ ഭാര്യയായി സ്വീകരിക്കുമ്പോഴും ക്രൂരനായ ഹെറോദോസ് രാജാവിൽ നിന്നും ഉണ്ണീശോയെ രക്ഷിക്കാൻ ഉണ്ണിയെയും മാതാവിനേയും കൊണ്ട് ഈജിപ്തിലേക്കു പാലായനം ചെയ്യുമ്പോഴും, തിരുക്കുടംബത്തിന്റ ഉപജീവനത്തിനുവേണ്ടി മരപ്പണി ചെയ്യുമ്പോഴും അദ്ദേഹത്തിന് ഉന്നതമായ ഒരു ദർശനമുണ്ടായിരുന്നു. അതേ, ആ വിശുദ്ധനായ തച്ചൻ ഭൂമിയിൽ ദൈവരാജ്യത്തിനുവേണ്ടി കഴുക്കോലുകൾ പണിയാൻ തന്റെ ജീവിതം ഉഴിഞ്ഞു വെയ്ക്കുകയായിരുന്നു.

ലോകമെമ്പാടുമുള്ള തൊഴിലാളികളുടെ മദ്ധ്യസ്ഥനായി വി. യൗസേപ്പിനെ നൽകുമ്പോൾ സഭാമാതാവ് ഓരോ കുടുംബനാഥന്മാരോടും തൊഴിലാളികളോടും എന്താണ് ആവശ്യപ്പെടുന്നത് ?

ഉത്തമ ദർശനങ്ങളുള്ള കുടുംബനാഥന്മാരായി, ദൈവരാജ്യത്തിനുതകുന്ന ഉത്തമ പൗരന്മാരായി തങ്ങളുടെ മക്കളെ വളർത്താനും, തങ്ങളേർപ്പെടുന്ന തൊഴിലുകളെ ദൈവമഹത്വത്തിനായി സമർപ്പിക്കുവാനും സഭാമാതാവ് നമ്മളോടാവശ്യപ്പെടുകയാണ്.

പൗലോ കൊയലോയുടെ കഥയിലേയ്ക്കു തിരിച്ചു വന്നാൽ നമ്മളേർപ്പെടുന്ന എല്ലാ തൊഴിലുകളും, കൽപ്പണിയാണെങ്കിലും, മരപ്പണിയാണെങ്കിലും, ഓഫീസ് ജോലിയാണെങ്കിലും, സോഫ്റ്റ് വെയർ ജോലിയാണെങ്കിലും അതിനെ വെറുമൊരു ജോലിയും ഉപജീവന മാർഗ്ഗവുമായി കാണാതെ, ദേവാലയം പണിയുന്ന, ദൈവമഹത്വത്തിനും ദൈവരാജ്യ പ്രഘോഷണത്തിനും ഉതകുംവിധം എല്ലാ ജോലികളും നിർവ്വഹിക്കുകയും സമർപ്പിക്കുകയും ചെയ്യുന്ന നല്ല മനുഷ്യരായി നമുക്കു വളരാം.

എങ്ങനെയാണ് നമ്മൾക്ക് ഭൂമിയിൽ ദേവാലയം പണിയാൻ സാധിക്കുന്നത്? ഈശോയ്ക്കു വാസയോഗ്യമാം വിധം നമ്മളുടെ ശരീരത്തെയും മനസ്സിനെയും ഒരുക്കുമ്പോൾ നമ്മൾ ഭൂമിയിൽ ദേവാലയം പണിയുന്നവരാകും.

നമ്മുടെ ഇടവക ദേവാലയം മനോഹരമായി അലങ്കരിക്കുമ്പോഴും, ഇടവക ജനമെന്ന നിലയിൽ പരസ്പര സ്നേഹത്തിലും ഐക്യത്തിലും വർത്തിക്കുമ്പോഴും നമ്മൾ ഭൂമിയിൽ ദേവാലയം പണിയുന്നവരായിതീരും. അതേ, നമ്മൾ എല്ലാവരും ഈ ഭൂമിയിൽ ദേവാലയം പണിയാൻ വിളിയ്ക്കപ്പെട്ടവർ തന്നെ.

വിശുദ്ധ യൗസേപ്പിന്റെ തിരുന്നാളിന്റെ എല്ലാവിധ മംഗളങ്ങളും നേർന്നു കൊണ്ട്,

*ജോർജ്ജുകുട്ടി വേലശ്ശേരി*
*ഡൊമിനിക്ക് സാവിയോ യൂണിറ്റ്.*





# Your Life, Your Choice

**Be Thankful**

Be thankful that you don't already have everything you desire.
If you did, what would there be to look forward to ?
Be thankful when you don't know something,
for it gives you the opportunity to learn.
Be thankful for the difficult times
because during those times you grow.
Be thankful for your mistakes,
They will teach you valuable lessons.
Be thankful for your limitations
because they give you opportunities for improvement.
Be thankful for the new challenges,
because they will build your strength and character..
Be thankful when you're made a difference.

It's easy to be thankful for the good things. A life of rich fulfillment comes to those who are also thankful for the setbacks. Gratitude can turn a negative into a positive. Find a way to be thankful for your troubles, and they can become your blessings.

***Jose Kurian***
*Principal, D.A.V. School, Nerul.*

## ഓർമ്മിക്കാൻ ആചരിക്കാൻ.....

| | |
|---|---|
| Mar. 17 | ജറുസലേമിലെ വി. സിറിൽ |
| Mar. 18 | പിതൃവേദി ദിനം |
| Mar. 19 | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| Mar. 25 | മംഗല മാർത്താ തിരുന്നാൾ |
| Apr. 1 | ഓശാന ഞായർ |
| Apr. 5 | പെസഹാ വ്യാഴം |
| Apr. 6 | പീഢാനുഭവ വെള്ളി |
| Apr. 8 | ഉയിർപ്പ് തിരുനാൾ |
| Apr. 13 | സകല വിശുദ്ധരുടെയും തിരുനാൾ |
| Apr. 15 | പുതു ഞായർ / സാർവ്വത്രിക വിശുദ്ധീകരണ ദിനാചരണം |
| Apr. 22 | പൊതുയോഗം |
| Apr. 24 | വി. ഗീവർഗ്ഗീസിന്റെ തിരുനാൾ |
| Apr. 25 | വി. മർക്കോസിന്റെ തിരുനാൾ |
| Apr. 28 | സിയന്നായിലെ വി. കത്രീന |
| Apr. 29 | ദൈവവിളി പ്രാർത്ഥനാ ദിനം |

## വി. യൂദാശ്ലീഹായുടെ പ്രാർത്ഥന



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങയുടെ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ !

*Inserted by :*
***V. A. Mathew & Family,*** *Nerul*








**Akash Roy**
Communion
Bible Story Telling - 2nd Prize
Solo - 3rd Prize
Cherupushpam Unit



**Aleesha Joykutty**
Kerygma Bible
Quiz - 1st Rank
'A' Section
Holy Rosary Unit



**Bency Jose**
Pre-Confirmation
Bible Verse Writing -
2nd Prize
Holy Rosary Unit



**Neville Joseph**
Kerygma Bible
Quiz - 4th Rank
'B' Section
Holy Rosary Unit



**Nikita Joseph**
Youth
Bible Quiz - 3rd Prize
Holy Rosary Unit



**Dr. Telsin Bobby**
Kerygma Bible
Quiz - 2nd Rank
'C' Section
St. Jude Unit



**Reeba George**
Key Marathon (Girls)
2nd Prize
St. John Unit



**Tessy Melvin**
Kerygma Bible
Quiz - 2nd Rank
'D' Section
Bl. Mother Teresa Unit

# Holy Week Programme

# അവധിക്കാലം

ഹായ് കൂട്ടുകാരെ, പരീക്ഷയെല്ലാം നന്നായി എഴുതിയിട്ടുണ്ടാകുമെന്ന് കരുതുന്നു. എല്ലാവരും അവധിക്കാലത്തിന്റെ തിരക്കിലും സന്തോഷത്തിലുമായിരിക്കുമല്ലോ.

അവധിക്കാലം, അതൊരു പുതുമഴപോലെയാ. വരണ്ട ഭൂമിയെ കുളിരണിയിപ്പിച്ചുകൊണ്ട് പെയ്തിറങ്ങുന്ന പുതുമഴ. അദ്ധ്യായന വർഷത്തിന്റെ തിരക്കിൽ വരണ്ടുപോയ മനസ്സിൽ പെയ്യുന്ന ആഹ്ലാദത്തിന്റെ മഴ.

കൂട്ടുകാരെ ഈ അവധിക്കാലത്ത് എപ്പോഴും ടി.വി.യുടെയും, കമ്പ്യൂട്ടറിന്റെയും മുമ്പിൽ ചടഞ്ഞിരിക്കാതെ പുറത്തേക്കൊക്കെ ഇറങ്ങണം. ചുറ്റുമുള്ള ലോകത്തെ കാണണം. അവധിക്കാലം കഴിയുമ്പോൾ ഒത്തിരിയേറെ അനുഭവങ്ങൾ, ഒത്തിരി സൗഹൃദങ്ങൾ, പങ്കുവയ്ക്കലുകൾ, ഒരുപാട് കഥകൾ നിങ്ങൾക്ക് പറയാനുണ്ടാകണം. അങ്ങനെ അവധിക്കാലം കഴിയുമ്പോൾ ഉന്മേഷവും ഉണർവും ഒത്തിരി സൗഹൃദങ്ങളുമുള്ളവരായി ഉണരണം.

അവധിക്കാലം ആഘോഷിക്കുമ്പോൾ അപകടങ്ങളിൽ പെടാതെ സൂക്ഷിക്കുക. എല്ലാ ദിവസവും ദിവ്യബലിയോട് കൂടി ആരംഭിക്കുക. എല്ലാ ദിവസവും കുടുംബ പ്രാർത്ഥനയിൽ പങ്കെടുക്കണം. മാതാപിതാക്കളെ വീട്ടുജോലികളിൽ സഹായിക്കണം. ദിനപത്രവും, നല്ല പുസ്തകങ്ങളും വായിക്കണം. അങ്ങിനെ എല്ലാം കൊണ്ടും ഈ അവധിക്കാലം അടിച്ച് പൊളിക്കണം. നല്ലൊരു ഉയിർപ്പു തിരുന്നാളിന്റെ മംഗളങ്ങൾ നേർന്നു കൊള്ളുന്നു.

**ജോയ് ജി. കോടങ്കണ്ടത്ത്**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചു തരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു.

നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു. ആമ്മേൻ.

*Inserted by :*
***V. A. Mathew & Family,*** *Nerul*





## Bible Quiz Correct Answers ( Jan - Feb)

1) Levi
2) Seven
3) "I am who I am"
4) Aaron, the Levite
5) Pithom and Ramess
6) Jethro
7) Shiphram and Puah
8) Gershom
9) Aaron, The Levite
10) At Horeb


## Name of those who have given correct answers

### *Bible Quiz*

**1st - Kuriakose T. Babu (St. George)**
Adheena T. Babu (St. George)

### *Funny Question*

**1st - Bency Jose (Holy Rosary)**
Savio Paul (St. Jude)
Ann Mary Sherly Jose (St. Jude)
Trinity Grace (St. Jude)
Josy Brigit Jose (Holy Rosary)
Maria Paul (St. Jude)



**FUNNY Question**
**Last Issue Answer**

## WINNERS

**BIBLE QUIZ**
**Kuriakose T. Babu**
St. George Unit

**FUNNY QUESTION**
**Bency Jose**
Holy Rosary Unit

**CAPTION CONTEST**
**Toms Paul**
Holy Family

'വിഷമിക്കണ്ടെടാ, ഞാൻ പിണക്കമല്ലാട്ടോ !!!'


# Bible Quiz

Mar - Apr 2012 No. 2

*Exodus Chapters 6 - 15*

1. Who are the parents of Moses and Aaron?
2. What is the meaning of the word Marah?
3. What was the first sign Moses and Aaron performed in front of Pharaoh?
4. Where did the Israelites camp, when they set out from Succoth ?
5. How long did the Israelites live in Egypt?
6. In which chapter of the Exodus is the song of Moses mentioned?
7. How old were Moses and Aaron when they spoke to Pharaoh?
8. What was used to smear blood on the lintel and the doorposts of the Israelites?
9. What was the fifth plague on the Egyptians?
10. Whose bones were taken by Moses from the land of Egypt?

## Funny Questions




Cut out a square from a cardboard. Make it into four parts as shown in the figure below. Then again join those four parts and make an equilateral triangle.



## CAPTION CONTEST

## REMEMBER !

Write your answer for the Bible Quiz, Funny Question and Caption contest in a separate sheet of paper with clarity and drop it in Viva Teresa Box on or before Feb. 5. Winners will be awarded. In case, there are more winners, it will be decided by lot. Don't forget to write your name, phone number and the name of your family unit on your answer sheet.
For Bible Quiz use only POC Bible. (RSV / NRSV)



Edited printed and published by Rev. Fr. Kuriakose Kalaparambath, parish bulletin Little Flower Church, Nerul. Printed by : Pee Vee Printers # 9892318011 / 25244157